79386/2022

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-ഇരിട്ടി മുനിസിപ്പാലിറ്റി-ഇരിട്ടി താലൂക്ക്- കീഴൂർ വില്ലേജ് - റീ.സ.നമ്പർ 98/148 പെട്ട സ്ഥലത്ത് ഗ്രൂപ്പ് ബി വിദ്യാഭ്യാസഗണത്തിൽ ഉൾപ്പെടുന്ന നിലവിലുളള സ്കൂൾ കോമ്പൗണ്ടിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭൂപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KMBR-2019 ചട്ടം 30

2) ശ്രീ.കെ.ഇ. ദാമോദരൻ നായനാർ, മാനേജർ, വി.യു.പി സ്കൂൾ, കീഴൂർ.പി.ഒ എന്നവർ 26/09/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1084/2022-C** **തീയതി 19-12-2022**

---

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ ഇരിട്ടി മുനിസിപ്പാലിറ്റിയിൽ കീഴൂർ വില്ലേജിൽ റി. സ. നമ്പർ 98/148 ൽ സ്ഥിതി ചെയ്യുന്ന 5605 ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ നിലവിലുള്ള സ്കൂൾ കോമ്പൗണ്ടിൽ ഗ്രൂപ്പ് ബി വിദ്യാഭ്യാസഗണത്തിൽ ഉൾപ്പെടുന്ന പുതിയകെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 584.68 ച.മീ വിസ്തീർണ്ണമുളള നിലവിലുളള നിർമ്മാണങ്ങൾ(സ്കൂൾ കെട്ടിടം 1-166.48 ച.മീ, സ്കൂൾ കെട്ടിടം 2-219.29 ച.മീ, കിച്ചൺ ബിൽഡിംഗ്-41.68 ച.മീ, ടോയിലെറ്റ് ബ്ലോക്ക് 1-29.14 ച.മീ, ടോയിലെറ്റ് ബ്ലോക്ക് 2-10.27 ച.മീ, യൂറിനൽ ബ്ലോക്ക്-16.43 ച.മീ, സ്കൂൾ ബിൽഡിംഗ് 3-101.39 ച.മീ, 1736.93 ച.മീ വിസ്തീർണ്ണമുളള വിഭാവിതനിർമ്മാണങ്ങൾ(സ്കൂൾ ബിൽഡിംഗ് 4-1506.48 ച.മീ, സ്കൂൾ ബിൽഡിംഗ് 3-151.69 ച.മീ, ബോയ്സ് ടോയിലെറ്റ് ബ്ലോക്ക്-41.46 ച.മീ, ഗേൾസ് ടോയിലെറ്റ് ബ്ലോക്ക്-37.30 ച.മീ എന്നിവ ഉൾപ്പെടെ ആകെ 2321.61 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുളള നിർമ്മാണങ്ങളുടെ ലേ ഔട്ട് അനുമതിക്കായി ശ്രീ.കെ.ഇ.ദാമോദരൻ നായനാർ, മാനേജർ, വി.യു.പി സ്കൂൾ , കീഴൂർ (പി.ഒ), കണ്ണൂർ എന്നവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KMBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. KMBR-2019 ചട്ടം 5(4) പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി / അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളു.
2. KMBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KMBR-2019-നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KMBR-2019 ചട്ടം 35(1) പ്രകാരം Building-3 കെട്ടിടത്തിൽ, കെട്ടിടത്തിന്റെ ഒന്നാം നിലയിലേക്ക് പ്ലാനുകളിൽ രേഖപ്പെടുത്തിയ പ്രകാരം ഗോവണികൾ ഏർപ്പെടുത്തേണ്ടതാണ്.
5. KMBR-2019 ചട്ടം 28(1) പ്രകാരം പ്രവേശന കവാടത്തിനു minimum clear width 5 മീറ്റർ വീതി, ചട്ടം

28(8) പ്രകാരം minimum clear height 5 മീറ്റർ ഉയരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

6. KMBR-2019 ചട്ടം 76(1),(2),(3) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം, 50litres/sqm of covered area എന്ന തോതിൽ മഴ വെള്ള സംഭരണി, urban forestry എന്നിവ പ്ലോട്ടിൽ ഏർപ്പെടുത്തിയിട്ടുള്ളതായി സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
7. KMBR-2019 ചട്ടം 34 പ്രകാരമുള്ള സാനിറ്റേഷൻ സംവിധാനങ്ങൾ പ്ലോട്ടിൽ ലഭ്യമാക്കേണ്ടതാണ്.
8. KMBR-2019 ചട്ടം 42(1),(2),(3),(4),(5) പ്രകാരം കെട്ടിടങ്ങളിൽ വിഭാവനം ചെയ്ത ഭിന്നശേഷിക്കാർക്കുള്ള റാമ്പ്(1 in 12 slope), ലിഫ്റ്റ്, ടോയിലെറ്റ്, പാർക്കിംഗ് എന്നീ സൗകര്യങ്ങൾ ഉണ്ടെന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
9. സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമാണെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. നിർമ്മാണം ആരംഭിച്ച കെട്ടിടങ്ങൾ KMBR 2019 ലെ ചട്ടം 95(4) പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കികൊണ്ട് ക്രമവൽക്കരിക്കേണ്ടതാണ്.

എൽ. എ നമ്പർ 72/2022 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നനുള്ള അനുമതി അല്ല കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണവികസന അനുമതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ/ .സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം കണ്ണൂർ - 670 002 തദ്ദേശ സ്വയംഭരണ വകുപ്പ്-പ്ലാനിങ്

പി. രവികുമാർ

ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, ഇരിട്ടി നഗരസഭ

<u>പകർപ്പ്</u>

1) ശ്രീ.കെ.ഇ.ദാമോദരൻ നായനാർ, മാനേജർ, വി.യു.പി സ്കൂൾ കീഴൂർ, കീഴൂർ (പി.ഒ), കണ്ണൂർ.
2) ഫയൽ 3) കരുതൽ ഫയൽ